**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61** **11-02-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എത്രത്തോളം പ്രയോജനകരമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി ഫിഷറീസ് വകുപ്പ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാർ വഹിക്കുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ആശ്രിതർക്കും ഇൻഷ്വറൻസ് തുക ലഭ്യമാകുന്നതുകൊണ്ട് കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ കഴിയുന്നു.<br><br>മേൽ പദ്ധതി പ്രകാരം, അപകട മരണത്തിന് 10 ലക്ഷം രൂപയും മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതായാൽ 10 ലക്ഷം രൂപയും സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 10 ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 5 ലക്ഷം രൂപയും അപകടമരണമടഞ്ഞ മത്സ്യ ത്തൊഴിലാളിയുടെ 2 കുട്ടികൾക്ക് ഒരാൾക്ക് 5000 രൂപ വീതം പരമാവധി 10,000 രൂപ വിദ്യാഭ്യാസ ധനസഹായവും അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സ വേണ്ടി വരുന്നവർക്ക് പരമാവധി 25,000 രൂപയും ശവസംസ്കാര ചെലവിന് 2,500 രൂപയും ധനസഹായമായി നൽകുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ മത്സ്യത്തൊഴിലാളികൾക്കായി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയും മത്സ്യഫെഡ് മുഖേന നടപ്പാക്കി വരുന്നു. 2024 – 25 വർഷത്തിൽ മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 509/- രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപ യുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്.<br><br>കൂടാതെ ടി പദ്ധതിയിൽ മരണാനന്തര ചടങ്ങുകൾക്കായി 5000/- രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000/- രൂപയും (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗ വൈകല്യത്തിന്റെ തോത് അനുസരിച്ച് പരമാവധി പത്ത് ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയാണെന്നറിയിക്കുമോ; | (ബി) | 2024-25 വർഷത്തെ ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 18/12/2024 മുതൽ ഒരു വർഷത്തേക്ക് 2,26,093 മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ട്.<br><br>കൂടാതെ മത്സ്യഫെഡ് നടപ്പിലാക്കുന്ന 2024-25 ഇൻഷ്വറൻസ് പദ്ധതിയിൽ 99,760 മത്സ്യത്തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസിൽ എഫ്.ഐ.എം.എസ്. രജിസ്ട്രേഷൻ അനുസരിച്ച് മത്സ്യത്തൊഴിലാളി ലിസ്റ്റ് ഉൾപ്പെടുത്തുമ്പോൾ മസ്റ്ററിംഗ് നടത്തിയാണോ പോളിസി വിഹിതം ഒടുക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മത്സ്യത്തൊഴിലാളി പട്ടികയിലും അനുബന്ധത്തൊഴിലാളി പട്ടികയിലും ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും മസ്റ്ററിംഗ് നടത്താതെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം പോളിസി വിഹിതം ഒടുക്കി വരുന്നുണ്ട്.<br><br>മത്സ്യഫെഡിന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങളിലെ അംഗങ്ങളെയാണ് മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ മത്സ്യഫെഡ് മുഖേന ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ